**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 27** **27-06-2022 - ൽ മറുപടിയ്ക്ക്**

**വാതിൽപ്പടി ഭക്ഷ്യധാന്യ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | തുടരെയുള്ള ഇന്ധനവിലവർദ്ധനവും കേന്ദ്രനയങ്ങളും കാരണം ഉണ്ടായിക്കൊണ്ടിരിക്കുന്ന വിലക്കയറ്റത്തെ പ്രതിരോധിക്കാൻ വിപണി ഇടപെടൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ഭക്ഷ്യ വസ്തുക്കളുടെ വിലക്കയറ്റം നിയന്ത്രിച്ച് നിർത്തുന്നതിനായി 13 ഇനം സബ്സിഡി സാധനങ്ങൾ പൊതു വിപണിയിൽ നിന്നും 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്ത് വരുന്നു.<br><br>പ്രസ്തുത സബ്സിഡി സാധനങ്ങളുടെ വിലകൾ 2016 ഏപ്രിൽ മാസത്തിന് ശേഷം വർദ്ധിപ്പിച്ചിട്ടില്ല. ഇതിലൂടെ 1,956.80 കോടി രൂപയുടെ പ്രയോജനം വിലക്കിഴിവിന്റെ രൂപത്തിൽ പൊതുജനങ്ങൾക്ക് ലഭിച്ചിട്ടുണ്ട്.<br><br>കൂടാതെ സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 35 ഇനം അവശ്യ സാധനങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് ജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. ഇതിനു പുറമെ തേയില, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ്, ആട്ട എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ പൊതു വിപണി വിലയിൽ നിന്നും 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റു വരുന്നു.<br><br>മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്തായി എല്ലാ റേഷൻകാർഡുടമകൾക്കും സൗജന്യ ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ഉത്സവ സീസണുകളിൽ പൊതുജനങ്ങൾക്ക് പൊതുവിപണിയെക്കാൾ വിലക്കുറവിൽ അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നതിനായി ഫെയറുകളും മാർക്കറ്റുകളും സംഘടിപ്പിക്കാറുണ്ട്. |

| | | | |
|---|---|---|---|
| | | | വിപണിയിടപെടൽ പദ്ധതിയുടെ ഭാഗമായി അവശ്യവസ്തുക്കളുടെ വില ശേഖരിക്കുന്നതിനും നിരീക്ഷിക്കുന്നതിനും അവലോകനം ചെയ്യുന്നതിനുമായി Price Monitoring Cell സംസ്ഥാനതലത്തിൽ പ്രവർത്തിച്ച് വരുന്നു.<br><br>കൂടാതെ വിലക്കയറ്റം പ്രതിരോധിക്കുന്നതിനായി സംസ്ഥാനത്തെ ഓപ്പൺ മാർക്കറ്റ് മൊത്ത വ്യാപാരികളുടെയും വ്യാപാരി പ്രതിനിധികളുടെയും യോഗം ആവശ്യമായ സന്ദർഭങ്ങളിൽ സർക്കാർ വിളിച്ച് ചേർക്കാറുണ്ട്. ഇത്തരത്തിൽ വ്യാപാരി സമൂഹത്തെക്കൂടി വിശ്വാസത്തിലെടുത്ത് വിലനിലവാരം പിടിച്ചുനിർത്താനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടയുന്നതിനും, ന്യായവില ഉറപ്പാക്കാനും എല്ലാ ജില്ലകളിലും ജില്ലാ കളക്ടറുടെ നേതൃത്വത്തിലും പൊതുവിതരണ വകുപ്പ് സ്വന്തം നിലയിലും ലീഗൽ മെട്രോളജി വകുപ്പുമായി ചേർന്നും പരിശോധനകൾ നടത്തി വരുന്നു. |
| (ബി) | വാതിൽപ്പടി ഭക്ഷ്യധാന്യ വിതരണം സുതാര്യമാക്കുന്നതിന്റെ ഭാഗമായി ജി.പി.എസ്. ട്രാക്കിംഗ് സംസ്ഥാനമൊട്ടാകെ നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തൊക്കെയാണ് ഇതുവഴി ലക്ഷ്യമിടുന്നത്; വിശദാംശങ്ങൾ നൽകുമോ; | (ബി) | ഉണ്ട്. സംസ്ഥാനത്തുടനീളമുള്ള ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ (എഫ്.സി.ഐ), സി.എം.ആർ. മില്ലുകൾ എന്നിവിടങ്ങളിൽ നിന്നും റേഷൻ ഭക്ഷ്യധാന്യങ്ങൾ NFSA ഡിപ്പോകളിലേക്ക് വിട്ടെടുക്കുന്നതിനും തുടർന്ന് NFSA ഡിപ്പോകളിൽ നിന്നും റേഷൻ ഡിപ്പോകളിലേക്ക് വാതിൽപ്പടി വിതരണം നടത്തുന്നതിനും ഉപയോഗിക്കുന്ന വാഹനങ്ങളിൽ ചരക്ക് നീക്കം നിരീക്ഷിക്കുന്നതിന് ജി.പി.എസ്. സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. Vehicle Tracking Fleet Management System(VTFMS) സോഫ്റ്റ്വെയറിലൂടെ റേഷൻ ഭക്ഷ്യധാന്യങ്ങളുടെ നീക്കം നിരീക്ഷിക്കുന്നതിനുള്ള ഈ പ്രോജക്ടിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം ജില്ലയിൽ 15/3/2022 നും തൃശ്ശൂർ ജില്ലയിൽ 22/4/2022നും നിർവഹിച്ചിട്ടുള്ളതാണ്. നിലവിൽ 390 വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം ഘടിപ്പിച്ചിട്ടുണ്ട്. വാടകയ്ക്ക് എടുത്തിട്ടുള്ള വാഹനങ്ങളുടെ ഫ്ലീറ്റ് എൻറോൾമെന്റ്, നിലവിലെ ലൊക്കേഷൻ ട്രാക്കിംഗ്, ട്രിപ്പുകളുടെ ഷെഡ്യൂളിംഗ്, റൂട്ട് വ്യതിചലനം അല്ലെങ്കിൽ യാത്രയ്ക്കിടെ അനാവശ്യമായി നിർത്തൽ എന്നിവയെക്കുറിച്ച് ഉദ്യോഗസ്ഥർക്ക് അറിയിപ്പ് നൽകൽ, ജിയോഫെൻസിംഗ്, റൂട്ട് ഹിസ്റ്ററി പ്ലേബാക്ക്, വാഹന ഉപയോഗത്തെ അടിസ്ഥാനമാക്കിയുള്ള റിപ്പോർട്ടുകൾ തുടങ്ങിയവ ഈ സംവിധാനത്തിന്റെ ഭാഗമാണ്. കേന്ദ്രസർക്കാർ സ്ഥാപനമായ C-DAC ആണ് ഈ സംവിധാനം തയ്യാറാക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | ആദിവാസി ഊരുകളിലും കോളനികളിലും റേഷൻ ഉൾപ്പെടെയുള്ള ഭക്ഷണ സാധനങ്ങൾ ലഭ്യമാക്കുന്നതിനായി പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഉണ്ട്, സമൂഹത്തിലെ ഒറ്റപ്പെട്ട മലയോരമേഖലകളിൽ താമസിക്കുന്ന ആദിവാസി/ഗോത്ര വർഗ മേഖലകളിലും കോളനികളിലും റേഷൻ സാധനങ്ങൾ നേരിട്ടെത്തിക്കുന്നതിന് സംസ്ഥാന സർക്കാർ സഞ്ചരിക്കുന്ന റേഷൻകടപദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി മേഖലകളിൽ റേഷൻ സാധനങ്ങൾ എത്തിക്കുന്നതിന് സഞ്ചരിക്കുന്ന റേഷൻകട പദ്ധതി 2017-ൽ തൃശ്ശൂർ ജില്ലയിൽ ആരംഭിക്കുകയുണ്ടായി. വനത്തിനുള്ളിൽ ദുർഗമമായ ആദിവാസി കോളനികളിൽ താമസിക്കുന്ന ദുർബലരും അശരണരുമായ ജനവിഭാഗത്തിന് അവർക്ക് ഏറ്റവും അടുത്ത റേഷൻകടയിൽ നിന്നും റേഷൻ സാധനങ്ങൾ നേരിട്ട് ഊരുകളിൽ എത്തിക്കുക എന്നതാണ് ടി പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. നിലവിൽ സംസ്ഥാനത്ത് 115 ആദിവാസി ഊരുകളിലേയ്ക്ക് സഞ്ചരിക്കുന്ന റേഷൻകടയുടെ പ്രയോജനം എത്തുന്നുണ്ട്. കൂടാതെ സ്ഥാനത്തെ വിദൂര പ്രദേശങ്ങൾ ഉൾപ്പെടുന്ന ആദിവാസി ഊരുകളിലും കോളനികളിലും ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുന്നതിനായി സപ്ലൈകോയുടെ 21 സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളുടെ സേവനവും ലഭ്യമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ